പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2687 11.10.2011-ൽ മറുപടിയ്ക്ക്

## ടൂറിസം രംഗത്ത് സ്വകാര്യ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം വികസനത്തിന് സർക്കാർ കൂടുതൽ മുതൽ മുടക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) അതിനായി സ്വകാര്യമേഖലയുടെ പങ്കാളിത്തം ഏതെല്ലാം മേഖലയിൽ പ്രതീക്ഷിക്കുന്നു ? | (ബി) താമസ സൗകര്യങ്ങളുടെ വികസനം, ഭക്ഷണശാലകളുടെയും വഴിയോര സൗക ര്യങ്ങളുടെയും വികസനം, കൺവെൻ- ഷൻ സെന്ററുകൾ, ഷോപ്പിംഗ് കേന്ദ്രങ്ങൾ, യാത്രാ സൗകര്യങ്ങൾ, മെഡിക്കൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകളടക്കം ടൂറിസ്റ്റ് ബോട്ടുകൾ, മാനവശേഷി വികസനം തുടങ്ങിയ മേഖലകളിൽ സ്വകാര്യ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.<br>ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിവിധ പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിൽ ടൂറിസം റിസോർട്ട്സ് (കേരള) ലിമിറ്റഡ് (ടി.ആർ.കെ.എൽ) വഴി ആവിഷ്കരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി താജ്, ഒബ്റോയി തുടങ്ങിയ സ്വകാര്യ |

സംരംഭകരുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ടൂറിസം റിസോർട്ട്സ് (കേരള) ലിമിറ്റഡ് (ടി.ആർ.കെ.എൽ) ആരംഭിച്ചിട്ടുണ്ട്. താജ് ഗ്രൂപ്പുമായി ചേർന്നുള്ള സംയുക്തസംരംഭം കൊച്ചി, കുമരകം, വർക്കല എന്നിവിടങ്ങളിൽ ഹോട്ടൽ പദ്ധതികൾ നടത്തി വരുന്നുണ്ട്. ടൂറിസം വകുപ്പിന്റെ കൈവശമുള്ള ഭൂമി ഉപയോഗിച്ചു കൊണ്ട് വേളി, വർക്കല മുതലായ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ടൂറിസം റിസോർട്ട്സ് (കേരള) ലിമിറ്റഡ് (ടി.ആർ.കെ.എൽ) സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ